# 2



# നിസാബെ തഅ്ലീം

## ഭാഗം രണ്ട്



തയ്യാറാക്കിയത്

മുഹമ്മദ് നജീബ് ഖാൻ

Nisab - e - Ta'leem (Malayalam)
നിസാബെ തഅ്ലീം രണ്ടാം ഭാഗം

Prepared by
Muhammad Najeeb Khan

Assisted by
Muhammed Safvan

Typeset
M.G.E.F Alappuzha

Layout
Ziyad Rahman

Cover Design
Naushad Palluruthi

Printed at
Anaswara Offest, Ernakulam

Published by
Islam International Publication Kannur, Kerala

Sponserd by
**Majlis Ansarullah Kerala**

First Edition: August 2007
Copies 1000
Price : 40

# വിഷയ വിവരം


ആമുഖം

അദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

7 അല്ലാഹു നമ്മുടെ പരിപാലകൻ

10 നമ്മുടെ രക്ഷകൻ അല്ലാഹു

12 സത്യവാനായ ആട്ടിടയൻ

15 നല്ല ശീലങ്ങൾ

വസ്ത്രധാരണം

ശുചിത്വം

സാമൂഹിക മര്യാദകൾ

സത്സ്വഭാവം

21 ഹദീസ് പഠനം

22 ഇസ്ലാം കാര്യങ്ങൾ

26 ബാങ്ക്

29 മസ്ജിദുകൾ

31 മുഹമ്മദു നബി (സ)

34 ഇമാം മഹ്ദി (അ)

35 ഖുർആൻ പഠനം

38 പദ്യം – തറാനെ അത്ഫാൽ

اَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمْ

بِسْمِ اللهِ الرَّحْمَانِ الرَّحِيمْ

# ആമുഖം

ആത്മീയവും ഭൗതീകവുമായ വിജ്ഞാനം സമ്പാദിക്കുക എന്നത് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അനിവാര്യമായ സംഗതിയാണ്. എന്നാൽ കേവലം അറിവ് നേടുക എന്നതു മാത്രമല്ല വിദ്യാഭ്യാസം കൊണ്ട് വിവക്ഷിതമാക്കുന്നത്. ജീവിതത്തെ പ്രായോഗികമായി സമീപിക്കുന്ന, മനുഷ്യ മനസ്സുകൾക്ക് ആത്മീയവും ഭൗതീകവുമായി ഉൾക്കരുത്ത് നൽകുന്ന ഒരു സമഗ്ര ജീവിത ദർശനം പഠിതാവിന് നൽകുമ്പോഴാണ് വിദ്യാഭ്യാസ പ്രക്രിയ ഫലവത്തായി തീരുന്നത്. ഇസ്‌ലാം മുന്നോട്ടുവെക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും ഈ ഒരു കാഴ്ചപ്പാടാണ്. കേരളത്തിലെ വിദ്യാർത്ഥികൾക്ക് തങ്ങളുടെ മതപഠനത്തിന് അനുയോജ്യമായ പാഠ പുസ്തകങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മജ്‌ലിസ് അൻസാറുല്ലാ കേരള, വഖ്ഫെ നൗ സിലബസിനെ ആധാരമാക്കിക്കൊണ്ട് ഈ പുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.അഞ്ചു മുതൽ പതിനഞ്ചുവയസ്സുവരെയുള്ള കുട്ടികൾക്ക് ചിട്ടയായും ക്രമമായുമുള്ള ഒരു ഏകീകൃത മതപഠനം ഇതു മുഖേന കരസ്ഥമാകുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ യസ്സർനൽ ഖുർആൻ ഉൾപ്പെടെ അതിലെ ആദ്യത്തെ നാലുഭാഗങ്ങൾ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞിരിക്കുകയാണ്. അൽഹംദുലില്ലാഹ്. ഈ പാഠ്യപദ്ധതി ഭംഗിയായി തയ്യാറാക്കിത്തന്നത് മുബല്ലിഗ് മുഹമ്മദ് നജീബ് ഖാൻ സാഹിബാണ്. അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ഈ സംരംഭത്തിന് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുകയും പുസ്തകത്തിന്റെ പ്രസിദ്ധീകരണവും, വിതരണവും ഏറ്റെടുക്കുകയും ചെയ്തുകൊണ്ട് ഞങ്ങളോട് സഹകരിച്ച ഇസ്‌ലാം ഇന്റർനാഷണൽ പബ്‌ളിക്കേഷന്റെ കേരള ഘടകം ചെയർമാൻ പ്രൊഫസർ മഹ്‌മൂദ് അഹ്‌മദ് സാഹിബിനോടും സഹപ്രവർത്തക

രോടുമുള്ള കൃതജ്ഞത പ്രത്യേകം രേഖപ്പെടുത്തുന്നു. അതുപോലെ ഈ സംരംഭത്തിന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ നോർത്ത് ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബും സൗത്ത് ഇലാഖാ ഖാഇദ് ടി. കെ. അബൂബക്കർ സാഹിബും നൽകിയ സഹായ സഹകരണങ്ങൾ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. ഈപുസ്തകങ്ങളുടെ റിവ്യൂചെയ്തു തന്ന മൗലവി ഇസ്മായിൽ സാഹിബിനെയും, ഈ പദ്ധതിയോട് എല്ലാരീതിയിലും സഹകരിച്ച എല്ലാ അഭ്യുദയകാംക്ഷികളെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. ഇവർക്കെല്ലാം അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ ഭാവി, വളർന്നുവരുന്ന തലമുറയിൽ സുഭദ്രമായിരിക്കാൻ വേണ്ടി, അവർക്ക് ശരിയായ മതവിജ്ഞാനം നൽകേണ്ടത് മുതിർന്നവരുടെ ബാധ്യതയാണ്. അതിനുള്ള വിനീതമായ ഒരു പ്രഥമ ശ്രമമാണ് ഈ സംരംഭം. ഇതിലുള്ള കുറവുകളേയും പോരായ്മകളേയും അതുപോലെ ഇതിനെ കുറിച്ചുള്ള നിങ്ങളുടെ വിലപ്പെട്ട അഭിപ്രായങ്ങളും ഞങ്ങളെ എഴുതി അറിയിക്കണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്. കൂടാതെ ഈ പാഠ്യപദ്ധതി വിജയപ്രദമായിത്തീരാൻ എല്ലാവരുടേയും ദുആയും സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ജിജ്ഞാസുക്കളായ അഹ്മദി വിദ്യാർത്ഥി സമൂഹത്തിനു മുമ്പാകെ ഈ പാഠ പുസ്തകം ഞങ്ങൾ സാദരം സമർപ്പിക്കുന്നു.

കണ്ണൂർ
19.08.2007

**പി. പി. നാസിറുദ്ദീൻ**
നാസിം, മജ്‌ലിസ് അൻസാറുല്ലാ
സുബായി, കേരള

# അദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

ആറ് വയസ്സു മുതൽ ഏഴ് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകമാണിത്. വഖ്ഫെ നൗ കുട്ടികൾ ആറ് വയസ്സ് മുതൽ ഏഴുവയസ്സുവരെ പഠിച്ചിരിക്കേണ്ട കാര്യങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇളം മനസ്സുകളിൽ നല്ല ശീലങ്ങൾ വളർത്തിയെടുക്കുക, പെരുമാറ്റ മര്യാദകൾ പരിചയപ്പെടുത്തുക, വിശ്വാസകാര്യങ്ങൾ ലളിതമായി ഗ്രഹിപ്പിക്കുക തുടങ്ങിയവയാണ് ഈ പുസ്തകം കൊണ്ട് ലക്ഷ്യമാക്കുന്നത്. മതപഠനം രസകരമാക്കുക എന്ന ഉദ്ദേശ്യത്തോടെ ലളിതമായ ഭാഷയിൽ ചിത്രങ്ങളുടെ സഹായത്തോടെയാണ് ഓരോ പാഠഭാഗവും തയ്യാറാക്കിയിട്ടുള്ളത്.

വിശദീകരണം ആവശ്യമുള്ള സന്ദർഭങ്ങളിൽ കഥകളുടെയും മറ്റും സഹായത്തോടെ കാര്യങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാൻ കുട്ടികളെ സഹായിക്കേണ്ടതാണ്. ഓരോ പാഠത്തിനുശേഷം കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ കുട്ടികളെ കൊണ്ട് ചെയ്യിക്കേണ്ടതാണ്. പഠന പുരോഗതി അറിയുന്നതിനുവേണ്ടി മാസത്തിലൊരിക്കൽ പരീക്ഷ നടത്താവുന്നതാണ്. വാർഷിക പരീക്ഷ ഉണ്ടായിരിക്കുന്നതാണ്.

പാഠം പന്ത്രണ്ടിൽ കൊടുത്തിരിക്കുന്ന പദ്യം രണ്ടു വരി വീതം ഓരോ മാസവും പഠിപ്പിക്കേണ്ടതാണ്.

പാഠം ഒന്ന്

# അല്ലാഹു നമ്മുടെ പരിപാലകൻ

رَبُّ الْعَالَمِينَ




**നാം** ജീവിക്കുന്ന ഈ ലോകം സൃഷ്ടിച്ചത് അല്ലാഹുവാണ്. അതിൽ നമുക്ക് വേണ്ട എല്ലാ സൗകര്യങ്ങളും അവൻ ഒരുക്കിതന്നു. രാത്രിയിൽ ആകാശത്ത് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെയും, ചന്ദ്രനെയും പകൽ വെളിച്ചം തരുന്ന സൂര്യനെയും സൃഷ്ടിച്ചത് അവൻ തന്നെയാണ്.

നമ്മുടെ നാട്ടിലെ കുളങ്ങൾ, അരുവികൾ, നദികൾ, സമുദ്രങ്ങൾ അതിലെ ജീവികൾ എല്ലാം സൃഷ്ടിച്ചത് അല്ലാഹുവാണ്. നാം ജനിക്കുന്നതിന് എത്രയോ വർഷങ്ങൾക്ക് മുമ്പേ അല്ലാഹു ഇതെല്ലാം നമുക്കു വേണ്ടി ഒരുക്കിവെച്ചിരുന്നു. ഇന്നും അവൻ ഈ ലോകത്തുള്ള എല്ലാ വസ്തുക്കളെയും പരിപാലിച്ചുകൊണ്ടിരിക്കുന്നു.

വിശക്കുമ്പോൾ നാം ഭക്ഷണം കഴിക്കുന്നു. ദാഹിക്കുമ്പോൾ വെള്ളം കുടിക്കുന്നു. നമുക്ക് ജീവിക്കണമെങ്കിൽ വായു വേണം. ഇതെല്ലാം നമുക്ക് സജ്ജമാക്കി തന്നത് ആരാണ് ? അല്ലാഹു അല്ലാതെ മറ്റാരുമല്ല. നമ്മുടെ വളർച്ചക്ക് ഇതെല്ലാം ആവശ്യവുമാണ്. ഇതുപോലെ തന്നെ മറ്റ് ജീവജാലങ്ങളെയും പരിപാലിച്ച് പോരുന്നത് അല്ലാഹുവാണ്.











കാട്ടിലെ സിംഹത്തെയും ആനയെയും അങ്ങനെ എത്ര എത്ര ജീവികൾ. ഇതെല്ലാം കാണുമ്പോൾ അത്ഭുതം തോന്നുന്നില്ലേ. ?

നാം കളിക്കാനായി പുറത്തുപോകുമ്പോൾ ചിത്രശലഭത്തെ കാണാറുണ്ടല്ലോ ? അത് എത്ര തരം ഉണ്ടെന്ന് അറിയാമോ ? കേരളത്തിൽ മാത്രം മുന്നൂറ്റി ഇരുപത്തി രണ്ട് ഇനങ്ങളുണ്ട്. നമ്മുടെ രാജ്യമായ ഇന്ത്യയിൽ ആയിരത്തി അഞ്ഞൂറ്റിയൊന്ന് ഇനങ്ങൾ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. ലോകത്താണെങ്കിൽ ഒരു ലക്ഷത്തി നാൽപ്പതിനായിരം ഇനങ്ങളുണ്ട്.

ഇതെല്ലാം വിവിധ നിറത്തിലും രൂപത്തിലും ഭാവത്തിലുമാണുള്ളത്. അപ്പോൾ നമ്മുടെ അല്ലാഹുവിന്റെ കഴിവുകളെ കുറിച്ച് ഒന്ന് ചിന്തിച്ചു നോക്കൂ. പുറത്ത് പോവുമ്പോൾ ഇത്തരം ജീവികളെ നോക്കുകയും അതിനെപറ്റി ചിന്തിക്കുകയും ചെയ്യേണ്ടതാണ്. അതുമൂലം അല്ലാഹുവിന്റെ സൃഷ്ടികളുടെ പരിപാലന സംവിധാനത്തെ സംബന്ധിച്ച് നമുക്ക് അറിവുലഭിക്കുന്നതാണ്.

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. ഈ ലോകത്തെ സൃഷ്ടിച്ചത് ആരാണ് ?

.................................................................................................

2. വിശക്കുമ്പോൾ നാം എന്ത് ചെയ്യുന്നു ?

.................................................................................................

3. നമുക്ക് ജീവിക്കുവാൻ എന്തുവേണം ?

.................................................................................................

4. കേരളത്തിൽ മാത്രം എത്ര ഇനം ചിത്ര ശലഭങ്ങളുണ്ട് ?

.................................................................................................

**പൂരിപ്പിക്കുക**

1. ആകാശത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ ............................. ആണ് സൃഷ്ടിച്ചത്.
2. നമ്മുടെ പരിപാലകൻ .......................................... ആകുന്നു.
3. റബ്ബ് എന്ന വാക്കിന്റെ അർത്ഥം .................................... ആകുന്നു.

അർത്ഥം

റബ്ബ് = പരിപാലകൻ

ഇതുപോലെ മറ്റ് ജീവികളെ ഉദാഹരണമായി എടുത്തുകൊണ്ട് അവയുടെ സൃഷ്ടിപ്പിലെ പ്രത്യേകതകൾ, വിശദീകരിച്ചുകൊടുക്കുക. അതിലൂടെ കുട്ടികൾക്ക് ഒരു നിരീക്ഷണ പാടവം കൈവരിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ കഴിവുകളെ അടുത്തറിയാനും കഴിയുന്നതുമാണ്.

ഉദാഹരണം തേനീച്ച (വിശുദ്ധ ഖുർആൻ 16: 69,70)

## പാഠം രണ്ട്   നമ്മുടെ രക്ഷകൻ അല്ലാഹു

ഒരിക്കൽ നബി (സ)യും അനുചരൻമാരും യാത്രാമദ്ധ്യേ വിശ്രമിക്കുന്നതിനായി ഒരു താഴ്വരയിൽ തമ്പടിച്ചു. മധ്യാഹ്ന സമയമായിരുന്നു. കഠിനമായ വെയിൽ കാരണം ഓരോരുത്തരും തണൽതേടി ഓരോ മരച്ചുവട്ടിൽ സ്ഥാനം പിടിച്ചു. നബി (സ) യും ഒരു ഈന്തപ്പനച്ചുവട്ടിൽ വിശ്രമിക്കാനിരുന്നു. ക്ഷീണിതനായ നബി (സ) അവിടെക്കിടന്ന് ഉറങ്ങിപ്പോയി. നബി (സ) ഉറങ്ങുന്നതിന് മുമ്പേ തന്റെ വാൾ അരയിൽ നിന്ന് ഊരി വിശ്രമിക്കാനിരുന്ന മരത്തിനു മുകളിൽ തൂക്കിയിട്ടിരുന്നു. ഈ അവസരത്തിലാണ് നബി (സ) യുടെ ശത്രു ഗൗറസ്ബിൻഹാരിസ് അവിടെ എത്തിയത്. അയാൾ നോക്കിയപ്പോൾ ഇതൊരു നല്ല അവസരമാണ്. എല്ലാവരും ക്ഷീണിച്ച് കിടന്നുറങ്ങുന്നു. നബിയെ വധിക്കാൻ പറ്റിയ അവസരം. സമയം പാഴാക്കാതെ അയാൾ ഉറച്ച തീരുമാനത്തോടെ മരത്തിൽ തൂക്കിയിട്ടിരുന്ന നബിയുടെ വാൾ കയ്യിലെടുത്തു.

എന്തോ ചലനം കേട്ടപ്പോലെ, നബി (സ) ഉറക്കത്തിൽ നിന്ന് ഉണർന്നു. തന്നെ വധിക്കാൻ ഊരിപ്പിടിച്ച വാളുമായി നില്ക്കുന്ന ശത്രുവിനെയാണ് നബി (സ) കണ്ടത്. നബി (സ) തികഞ്ഞ ധൈര്യത്തോടെ അയാളുടെ മുഖത്തേയ്ക്ക് നോക്കി.

അയാൾ അഹങ്കാരത്തോടെ നബിയോടു ചോദിച്ചു, 'ഞാൻ ഈ വാളുകൊണ്ട് നിങ്ങളെ വധിക്കാൻ പോകുകയാണ്, നിന്നെ എന്നിൽ നിന്ന് രക്ഷിക്കാൻ ആരുണ്ട്?

നബി (സ) ദൃഢസ്വരത്തിൽ മറുപടി നല്കി.

"അല്ലാഹു"

ഈ മറുപടി അയാൾ പ്രതീക്ഷിച്ചിരുന്നില്ല. മറിച്ച് മുഹമ്മദ് ജീവനുവേണ്ടി തന്നോട് യാചിക്കുമെന്നാണ് അയാൾ കരുതിയത്.

ഈ മറുപടിയുടെ പ്രഭാവംമൂലം അയാളുടെ ശരീരം അടിമുടി വിറച്ചു. അങ്ങനെ അയാളുടെ കയ്യിൽ നിന്ന് വാൾ നിലത്തു വീണു.

നിലത്തു വീണ വാൾ നബി (സ) കൈയ്യിലെടുത്തു, അതേ ചോദ്യം അയാളോട് തിരിച്ച് ചോദിച്ചു. ഇപ്പോൾ നിന്നെ ആരു രക്ഷിക്കും?

ഭയന്നു വിറച്ചുകൊണ്ട് അയാൾ മറുപടി പറഞ്ഞു. താങ്കളല്ലാതെ എന്നെ ആരും രക്ഷിക്കാനില്ല. എനിക്ക് മാപ്പു തരണം. നബി (സ) അയാൾക്ക് മാപ്പു കൊടുത്തു കൊണ്ട് സമാധാനത്തോടെ പറഞ്ഞയച്ചു.

നോക്കുക, നാം അല്ലാഹുവിനെ യഥാവിധി അനുസരിച്ച് ജീവിക്കുകയാണെങ്കിൽ ഒരു ശത്രുവിനും നമ്മെ ഉപദ്രവിക്കാൻ കഴിയില്ല. നാം ഉറങ്ങുകയാണെങ്കിലും അല്ലാഹു നമ്മെ കാത്തു രക്ഷിക്കും. ആയതിനാൽ തികഞ്ഞ അനുസരണത്തോടെ നാം ജീവിക്കണം. എല്ലാ ഉപദ്രവങ്ങളിൽ നിന്നും രക്ഷിക്കാൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല.

# അല്ലാഹു നമ്മുടെ രക്ഷകനാണ്

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. നബിയും അനുചരൻമാരും എവിടെയാണ് വിശ്രമിച്ചത്?

   ..............................................................................................................

2. നബി (സ) തന്റെ വാൾ എവിടെയാണ് ഊരിവെച്ചത്.?

   ..............................................................................................................

3. നമ്മളെ എല്ലാ ഉപദ്രവങ്ങളിൽ നിന്നും രക്ഷിക്കുന്നവൻ ആരാണ്.?

   ..............................................................................................................

4. ഏതു ശത്രുവാണ് നബി (സ)നെ വധിക്കാൻ വന്നത്?

   ..............................................................................................................

5. നബി (സ) നെ വധിക്കാൻ വന്ന ശത്രുവിന്റെ അവസ്ഥ എന്തായി തീർന്നു?

   ..............................................................................................................

## പാഠം മൂന്ന്

# സത്യവാനായ ആട്ടിടയൻ

ദാനിയൽ വൈകുന്നേരം വളരെ സന്തോഷത്തോടെയാണ് സ്കൂളിൽ നിന്ന് തിരിച്ചു വന്നത്. രാവിലെ സ്കൂളിൽ പോകാൻ ഇഷ്ടമില്ലാതിരുന്ന ഇവന് തിരിച്ചു വന്നപ്പോൾ ഇത്ര സന്തോഷമോ?

“ദാനിയലിന്റെ മാതാവ് മനസ്സിൽ പറഞ്ഞു.”

ദാനിയൽ വന്നയുടനെ മുറിയിൽ പോയി പുസ്തകങ്ങളെല്ലാം യഥാ സ്ഥാനത്ത് വെച്ച് വസ്ത്രം മാറ്റുന്ന തിരക്കിലാണ്.

‘അവന്റെ മാതാവ് അവനെ ചെറുപ്പത്തിൽത്തന്നെ നല്ല ചിട്ടയിലും ശീലത്തിലുമാണ് വളർത്തിക്കൊണ്ടു വന്നത്. ദാനിയലാകട്ടെ മാതാവിന്റെ ഉപദേശം ശരിക്കും ജീവിതത്തിൽ പകർത്തി അച്ചടക്കത്തോടെയും, അനുസരണ ത്തോടെയുമാണ് ജീവിച്ചു പോന്ന ത്.’



മാതാവ് ദാനിയലിനോട് ചോദിച്ചു,

“ എന്താ ദാനിയലെ ഇന്ന് ഇത്ര വലിയ സന്തോഷം”

അതോ, ഇന്നു കണക്കിന്റെ ഹോംവർക്ക് കാണിക്കണ മായിരുന്നു. ഞാനത് ചെയ്യാൻ മറന്നു പോയി. ഇന്ന് രാവിലെ പുസ്തകങ്ങൾ എടുത്തു വെച്ചപ്പോഴാണ് എനിക്ക് അത് ഓർമ വന്നത്. അതുകൊണ്ടാണ് ഞാനിന്ന് സ്കൂളിൽ പോകാൻ മടിച്ചത്. ദാനിയൽ പറഞ്ഞു,

അവന്റെ മാതാവ് വീണ്ടും ചോദിച്ചു, എന്നിട്ട്, പിന്നെന്തുണ്ടായി?

' എനിക്ക് സുഖമുണ്ടായിരുന്നില്ല, അതുകൊണ്ട് ഹോംവർക്ക് ചെയ്യാൻ കഴിഞ്ഞില്ല എന്ന് ടീച്ചറിനോട് ഒരു ചെറിയ നുണ പറഞ്ഞ് ഞാൻ രക്ഷപ്പെട്ടു. ഹോംവർക്ക് ചെയ്യാത്ത മറ്റുള്ളവർക്കെല്ലാം അടികിട്ടി. ഞാൻ ടീച്ചറുടെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തു. ദാനിയൽ അഭിമാനത്തോടെയാണ് പറഞ്ഞത്,

ദാനിയലിന്റെ മാതാവിന് വളരെ സങ്കടം തോന്നി. ഇവന്റെ സ്വഭാവത്തിന് മാറ്റം വന്നിരിക്കുന്നു. അവർ സ്വയം ചിന്തിച്ചു. അവനെ അവർ അടുത്തു വിളിച്ചു. എന്നിട്ട് ചോദിച്ചു, ' ടീച്ചറുടെ അടിയിൽ നിന്നും നീ രക്ഷപ്പെട്ടു. പക്ഷേ എല്ലാം അറിയുന്ന നമ്മുടെ അല്ലാഹുവിൽ നിന്ന് നീ എങ്ങനെ രക്ഷപ്പെടും? " മാതാവിന്റെ ഈ മറുപടി ദാനിയലിന് ശരിക്കും കിട്ടിയ ഒരു അടിയായി തോന്നി. അവൻ വളരെ ദുഃഖിച്ചു.

അന്നു രാത്രി കിടക്കാൻ നേരത്ത് ദാനിയലിന്റെ മാതാവ് അവന് ഒരു കഥ പറഞ്ഞു കൊടുത്തു. ഒരു ആട്ടിടയന്റെ കഥ.

" ഇസ്ലാമിന്റെ രണ്ടാമത്തെ ഖലീഫയായിരുന്ന ഉമർ (റ) ഒരു മലയുടെ താഴ്വാരത്തൂടെ പോകുകയായിരുന്നു, അപ്പോൾ ആ മലഞ്ചെരുവിൽ ആടുകളെ തെളിച്ചുകൊണ്ടു പോകുന്ന ഒരു ബാലനായ ആട്ടിടയനെ അദ്ദേഹം കണ്ടു.

ഉമർ (റ) ആ ആട്ടിടയനോടു ചോദിച്ചു.

" ഇതിൽ നിന്ന് ഒരാടിനെ എനിക്ക് വിലയ്ക്കു തരാമോ?,

ആട്ടിടയൻ പറഞ്ഞു, ഇല്ല,

ഈ ആടുകൾ എന്റേതല്ല, ഇവയെ മേയ്ക്കാൻ വേണ്ടി ഉടമസ്ഥൻ എന്നെ ഏല്പ്പിച്ചിരിക്കുകയാണ്.

ഉമർ (റ) പറഞ്ഞു. ഉടമസ്ഥൻ അറിയാൻ പോകുന്നില്ലല്ലോ, ഇനി അറിഞ്ഞാൽതന്നെ ചെന്നായ് പിടിച്ചുകൊണ്ടു പോയി എന്നു പറയണം. ഇതുകേട്ടയുടനെ അവൻ മറുപടി പറഞ്ഞു, ' എന്റെ ഉടമസ്ഥനോട് അങ്ങനെ പറഞ്ഞു രക്ഷപ്പെടാം, എന്നാൽ, എല്ലാം കാണുന്ന എന്റെ അല്ലാഹുവിനോട് ഞാൻ എന്തു പറയും? '

ആ ആട്ടിടയന്റെ മറുപടി കേട്ട് ഉമർ (റ) കരഞ്ഞുപോയി. നോക്കുക, ഒരറിവുമില്ലാത്ത ആ ആട്ടിടയന് എത്രയധികം സ്നേഹവും ഭയവും അല്ലാഹുവിനോട് ഉണ്ടായിരുന്നു. നമുക്ക് അല്ലാഹു ബുദ്ധിയും, അറിവും തന്ന് അനുഗ്രഹിച്ചിട്ടുണ്ട്. അതിനാൽ അല്ലാഹു എല്ലാം അറിയുന്നുണ്ട് എന്ന ബോധത്തോടെ നാം ജീവിക്കേണ്ടതാണ്.

## എപ്പോഴും സത്യമേ പറയാവൂ

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. ദാനിയൽ എങ്ങനെയാണ് ടീച്ചറുടെ ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടത്?

...............................................................................................................

...............................................................................................................

...............................................................................................................

2. ദാനിയലിന്റെ ശീലങ്ങൾ എങ്ങനെയുള്ളതായിരുന്നു.

...............................................................................................................

...............................................................................................................

3. ആട്ടിടയൻ എങ്ങനെയുള്ള ആളായിരുന്നു?

...............................................................................................................

4. നമ്മുടെ എല്ലാ പ്രവൃത്തികളും കാണുന്നത് ആരാണ്?

...............................................................................................................

പാഠം നാല്

# നല്ലശീലങ്ങൾ

## വസ്ത്രധാരണം

നമ്മുടെ ശരീരം മറക്കുന്നതിനും അലങ്കാരത്തിനുമായിട്ടാണ് വസ്ത്രം നാം ധരിക്കുന്നത്. വൃത്തിയുള്ള വസ്ത്രമാണ് നാം ധരിക്കേണ്ടത്. നാം ലജ്ജാ ശീലരായതുകൊണ്ട് നമ്മുടെ നഗ്നത വെളിവാകാത്ത രീതിയിൽ വസ്ത്രം ധരിക്കണമെന്ന് ഇസ്‌ലാം കല്പ്പിക്കുന്നു. അതുപോലെതന്നെ വസ്ത്രം കൊണ്ടും ആഭരണം കൊണ്ടും അഹങ്കാരം കാണിക്കുവാൻ പാടില്ല. രണ്ട് നെരിയാണിക്ക് താഴെ വസ്ത്രം നിലത്ത് വലിച്ചിഴച്ച് നടക്കുന്നതിനെ നബി (സ) വിലക്കിയിട്ടുണ്ട്. അതുപോലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം വസ്ത്രധാരണ രീതിയുണ്ട്. വേഷത്തിൽ പെൺകുട്ടികളോട് സാദൃശ്യം തോന്നുന്ന വസ്ത്രങ്ങളും അതുപോലെ പെൺകുട്ടികൾ ആൺകുട്ടികളോട് സാദൃശ്യം തോന്നുന്ന വസ്ത്രങ്ങളും ധരിക്കുന്നത് അനിഷ്ടകരം തന്നെയാകുന്നു.

ജുമുഅ, പെരുന്നാൾ എന്നീ ദിനങ്ങളിൽ മാന്യവും വൃത്തിയുമുള്ള വസ്ത്രം ധരിക്കണമെന്ന് നബി (സ) പറഞ്ഞിരിക്കുന്നു. അതുപോലെ തന്നെ മസ്ജിദിൽ പോകുമ്പോഴും മദ്രസ്സയിൽ പോകുമ്പോഴും സ്കൂളിൽ പോകുമ്പോഴും വൃത്തിയുള്ള വസ്ത്രം ധരിക്കേണ്ടതാകുന്നു.

നബി (സ) അരുളി. നിങ്ങൾ ചെരിപ്പ് ധരിക്കുമ്പോൾ ആദ്യം വലത്തേ കാലിൽ ചെരിപ്പ് ധരിക്കുക. ചെരിപ്പ് അഴിക്കുമ്പോൾ

ആദ്യം ഇടത്തേ കാലിലെ ചെരിപ്പ് അഴിക്കണം. അപ്രകാരം ഒരു കാലിൽ മാത്രം ചെരിപ്പ് ധരിച്ച് നടക്കുന്നതിനെയും നബി (സ) വിരോധിച്ചിരിക്കുന്നു.

**നാം പഠിച്ചകാര്യങ്ങൾ**

നഗ്നത വെളിവാകാത്ത രീതിയിൽ നാം വസ്ത്രം ധരിക്കേണ്ടതാകുന്നു.

വസ്ത്രം കൊണ്ടും ആഭരണം കൊണ്ടും അഹങ്കാരം കാണിക്കാതിരിക്കുക.

നിലത്ത് വലിച്ചിഴച്ച് നടക്കുന്ന രീതിയിൽ നെരിയാണിക്ക് താഴെ വസ്ത്രം ധരിക്കരുത്.

പെൺകുട്ടികൾ ആൺകുട്ടികളുടെയും, ആൺകുട്ടികൾ പെൺകുട്ടികളുടെയും വസ്ത്രം ധരിക്കരുത്.

ജുമുഅ, പെരുന്നാൾ എന്നീ ദിനങ്ങളിലും അതുപോലെ തന്നെ മസ്ജിദിൽ പോകുമ്പോഴും മദ്രസ്സയിൽ പോകുമ്പോഴും സ്കൂളിൽ പോകുമ്പോഴും വൃത്തിയുള്ള വസ്ത്രം ധരിക്കേണ്ടതാണ്.

## ശുചിത്വം

ദൈനംദിന ജീവിതചര്യകളിൽ നാം ശുചിത്വം പാലിക്കേണ്ടത് അനിവാര്യമാണ്. ആരോഗ്യകരമായ ജീവിതത്തിന് ശുചിത്വം പ്രധാനപ്പെട്ട ഒരു ഘടകമാണ്. വൃത്തിയും വെടിപ്പും ഉണ്ടെങ്കിൽ നമ്മുടെ ഹൃദയത്തിന് ആനന്ദവും ഉന്മേഷവും ഉണ്ടാകുന്നു. നമ്മുടെ ചിന്തകളും, ആരാധനകളും സജീവമാകുന്നു. ആരാധനകൾ സ്വീകരിക്കപ്പെടണ മെങ്കിൽ ആന്തരികവും ബാഹ്യവുമായ ശുചിത്വം പാലിച്ചേ മതിയാകൂ. എല്ലാവിധ മാലിന്യങ്ങളിൽ നിന്നും വിട്ടുനില്ക്കുന്നതാണ് യഥാർത്ഥ ത്തിലുള്ള ശുചിത്വം.



ആഴ്ചയിലൊരിക്കൽ നഖം വെട്ടി വൃത്തിയാക്കേണ്ടതാണ്. ഒരിക്കലും നഖത്തിനടിയിൽ അഴുക്ക് അടിഞ്ഞു കൂടാൻ അനുവദിക്കരുത്. ഈ അഴുക്ക് ഭക്ഷണം കഴിക്കുമ്പോൾ വയറ്റിലെത്തുകയും പലവിധ രോഗങ്ങൾക്ക് കാരണമാവുകയും ചെയ്യും. അതുപോലെ നഖം കടിക്കുന്നത് ഒരു ദുശ്ശീലമാകുന്നു. അത് തീർത്തും ഉപേക്ഷിക്കേണ്ടതാണ്.



ദിവസത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യം പല്ലുതേച്ച് വായ നന്നായി വൃത്തിയാക്കേണ്ടതാണ്. നമ്മുടെ നബി (സ) ദന്ത ശുദ്ധീകരണത്തെകുറിച്ച് ശക്തമായി താക്കീത് നല്കിയിട്ടുണ്ട്.പല്ല് വൃത്തിയാക്കുന്നതുമൂലം അനവധി രോഗങ്ങളിൽ നിന്ന് നമുക്ക് രക്ഷ നേടാൻ കഴിയുന്നതാണ്. അതുകൊണ്ട് രാത്രി ഉറങ്ങുന്നതിന് മുമ്പും, രാവിലെ ഉണരുമ്പോഴും പല്ല് തേച്ച് വായ വൃത്തിയാക്കേണ്ടതാണ്.



ദിവസവും രാവിലെ കുളിക്കുന്നത് നമ്മുടെ ആരോഗ്യത്തിന് വളരെ നല്ലതാണ്. ശരീരത്തിലെ അഴുക്കുകൾ തേച്ചുരച്ച് കഴുകി കളഞ്ഞ് വൃത്തിയായി കുളിക്കുകയും, തലയിൽ എണ്ണയിട്ട് മുടി ചീകി ഒതുക്കി വെക്കേണ്ടതുമാകുന്നു.

മലമൂത്ര വിസർജ്ജനത്തിനായി കക്കൂസിൽ പോകുമ്പോൾ ചെരിപ്പ് ധരിക്കേണ്ടതാണെന്ന് നബി (സ) അരുളിയിട്ടുണ്ട്. മൂത്രമൊഴിക്കുമ്പോഴെല്ലാം നിർബന്ധമായും കഴുകി ശുചിയാക്കേണ്ടതാണ്. കക്കൂസിൽ ഇടതുകാൽ വെച്ച് പ്രവേശിക്കുകയും താഴെ പറയും പ്രകാരം ദുആ ചെയ്യേണ്ടതു മാകുന്നു.

اَللّٰهُمَّ اِنِّي اَعُوذُبِكَ مِنَ الخُبُثِ وَالْخَبَائِثِ

**അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽ ഖുബുസി വൽ ഖബാഇസി**

(അല്ലാഹുവേ എല്ലാവിധ അശുദ്ധവസ്തുക്കളിൽ നിന്നും അശുദ്ധകരമായ പ്രവൃത്തികളിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.)

മലമൂത്രവിസർജ്ജനം കഴിഞ്ഞ് പുറത്തുവരുമ്പോൾ വലതുകാൽ വെച്ച് പുറത്ത് വരികയും ഇപ്രകാരം ദുആ ചെയ്യേണ്ടതു മാകുന്നു.

غُفْرَانَكَ اَلْحَمْدُ لِلّٰهِ الَّذِي اَذْهَبَ عَنِّي الْاَذٰى وَعَافَانِي

**ഗുഫ്റാനക അൽഹംദു ലില്ലാഹി ല്ലദീ അദ്ഹബ അന്നിയൽ അദാ വ ആഫാനീ**

(നിന്നോട് ഞാൻ മാപ്പിന് അപേക്ഷിക്കുന്നു. എല്ലാ ബുദ്ധിമുട്ടുകളും എന്നിൽ നിന്നും അകറ്റുകയും എനിക്ക് സൗഖ്യം നല്കുകയും ചെയ്ത അല്ലാഹുവിന് സർവ്വസ്തുതിയും.)

**പെരുമാറ്റ മര്യാദകൾ**

തുമ്മിയാൽ ഉടനെ അൽഹംദുലില്ലാഹ് (സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു) എന്ന് പറയേണ്ടതാണ്. അതുപോലെ കോട്ടുവായ വന്നാൽ കഴിയുന്നതും അത് തടയേണ്ടതാണെന്ന് നബി (സ) ഉപദേശിച്ചിരിക്കുന്നു.

നാം മറ്റുള്ളവരെ കണ്ടുമുട്ടുമ്പോൾ അസ്സലാമു അലൈക്കും എന്ന് പറഞ്ഞുകൊണ്ട് അഭിവാദ്യം ചെയ്യേണ്ടതാണ്. അപ്രകാരം അന്യവീടുകളിൽ ചെല്ലുമ്പോൾ നാം സലാം പറഞ്ഞുകൊണ്ട് അനുവാദം വാങ്ങേണ്ടതാണ്. വീട്ടുടമസ്ഥന്റെ അനുവാദം കൂടാതെ അകത്തേയ്ക്ക് പ്രവേശിക്കരുത്.

ആരെങ്കിലും എന്തെങ്കിലും സാധനം നിങ്ങൾക്ക് തരികയാണെങ്കിൽ നന്ദി സൂചകമായി നിങ്ങൾ തന്നയാളോട് ജസാക്കല്ലാഹു ഖൈറാ അതായത് അല്ലാഹു നിങ്ങൾക്ക് നല്ല പ്രതിഫലം നല്കട്ടെ എന്ന് പറയണം.

## സൽസ്വഭാവം

സൽസ്വഭാവിയായ വ്യക്തിയെ എല്ലാവരും ആദരിക്കുകയും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. ഏറ്റവും നല്ല മനുഷ്യൻ ജനങ്ങളോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ്. മോശമായ രീതിയിൽ സംസാരിക്കുന്നവനെ എല്ലാവരും വെറുക്കുന്നു. അഹ്മദികളായ നാം ഏറ്റവും നല്ല സ്വഭാവ ശീലങ്ങൾ സ്വീകരിക്കണം. അനാവശ്യമായി കോപിക്കരുത്, ചീത്തവാക്കുകൾ പറയരുത്, കൂട്ടുകരോട് നല്ല രീതിയിൽ പെരുമാറണം, എപ്പോഴും പ്രസന്നവദനത്തോടെ സംസാരിക്കണം. കൂട്ടുകാരെ പരിഹസിക്കരുത്, പരിഹാസം ആല്ലാഹു ഇഷ്ടപ്പെടാത്ത പ്രവൃത്തിയാകുന്നു. മുതിർന്നവരെ എപ്പോഴും ബഹുമാനിക്കണം. നല്ല രീതിയിൽ സംസാരിക്കുന്നത് ദാന ധർമ്മത്തെക്കാൾ ഉത്തമമാണെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു.

**നാം പഠിച്ചത്**

1. തുമ്മിയാൽ അൽഹംദുലില്ലാഹ് എന്ന് പറയണം.
2. കോട്ടുവായ് അടക്കിവെക്കണം
3. മറ്റുള്ളവരെ കാണുമ്പോൾ സലാം പറയണം.
4. അന്യവീട്ടിൽ ചെല്ലുമ്പോൾ സലാം പറഞ്ഞ് അനുവാദം വാങ്ങേണ്ടതാണ്.
5. ദിവസവും രണ്ട് നേരം പല്ലുതേച്ച് വായ വൃത്തിയാക്കുക.
6. മുതിർന്നവരെ ബഹുമാനിക്കണം.

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. വസ്ത്രധാരണത്തിന്റെ ഉദ്ദേശ്യമെന്ത് ?

   .....................................................................................

2. എപ്രകാരമുള്ള വസ്ത്രമാണ് നാം ധരിക്കേണ്ടത് ?

   .....................................................................................

3. വസ്ത്രം വലിച്ചിഴച്ച് നടക്കരുതെന്ന് പറയുവാൻ കാരണമെന്ത്?

   .....................................................................................

4. നാം അനുവർത്തിക്കേണ്ട സൽസ്വഭാവങ്ങൾ എന്തെല്ലാമാണ്?

   .....................................................................................

**പൂരിപ്പിക്കുക.**

1. ഒരാൾ തുമ്മിയാൽ ........................................... എന്ന് പറയണം.
2. മറ്റുള്ളവരെ കണ്ടുമുട്ടിയാൽ ............................ എന്ന് പറയണം.
3. നഖം കടിക്കുന്നത് ഒരു .................................................... ആണ്
4. ദിവസവും രാവിലെ കുളിക്കുന്നത് നമ്മുടെ .................................... ന് നല്ലതാണ്
5. ദിവസത്തിൽ കുറഞ്ഞത് ............... പ്രാവശ്യം പല്ല് തേക്കേണ്ടതാണ്.
6. എപ്പോഴും ......................................... ടെ സംസാരിക്കണം
7. നല്ല രീതിയിൽ സംസാരിക്കുന്നത് ........................... നെ ക്കാൾ ഉത്തമമാണ്.

**അർത്ഥം**

ജസാക്കല്ലാഹു ഖൈറാ = അല്ലാഹു നിങ്ങൾക്ക് നല്ല പ്രതിഫലം നല്കട്ടെ

## പാഠം അഞ്ച് ഹദീസ്

**നിർദ്ദേശങ്ങൾ**

താഴെ പറയുന്ന ഹദീസുകൾ മനഃപാഠമാക്കുക. ഇതിന്റെ അർത്ഥവും വ്യാഖ്യാനവും ലളിതമായ ഭാഷയിൽ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം

| | |
|---|---|
| 1. വിശ്വസ്തത മാന്യതയാകുന്നു | اَلْاَمَانَةُ عِزٌّ |
| 2.വലതുപക്ഷക്കാർ വലതുപക്ഷക്കാർ തന്നെയാകുന്നു (വലതുപക്ഷത്തിന് മുൻഗണന നല്കുന്നു) | اَلْاَيْمَنُ فَالْاَيْمَنُ |
| 3.ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാകുന്നു. | اَلْمُسْلِمُ اَخُوا الْمُسْلِمِ |
| 4.നിന്റെ പിതാവിനെ അനുസരിക്കുക | اَطِعْ اَبَاكَ |
| 5.നിങ്ങൾ മരണത്തെ ആഗ്രഹിക്കരുത്. | لاَ تَتَمَنَّوُ الْمَوْتَ |

**ഹദീസ് മനഃപാഠമാക്കുകയും ചൊല്ലി കേൾപ്പിക്കുകയും ചെയ്യുക**

## പാഠം ആറ്

## (ഇസ്‌ലാം കാര്യങ്ങൾ)

## اَلاِسْلَامُ

കഴിഞ്ഞവർഷം ഇസ്‌ലാംകാര്യങ്ങൾ എത്രയെന്നും അവ ഏതൊക്കെ യെന്നും പഠിച്ചുകഴിഞ്ഞു. ഈ വർഷം അവ ഓരോന്നിനെയുംകുറിച്ച് അല്പം വിശദമായി പഠിക്കാം. കഴിഞ്ഞ വർഷം പഠിച്ച കാര്യങ്ങൾ എല്ലാം ഓർമ്മയിലുണ്ടായിരിക്കേണ്ടതാണ്.

### ഇസ്‌ലാം കാര്യങ്ങൾ

#### 1. ശഹാദത്തു കലിമ

ശഹാദത്തു കലിമ എന്ന് പറഞ്ഞാൽ സാക്ഷ്യം പറയുന്ന വചനം എന്നാകുന്നു. ശഹാദത്തു കലിമ താഴെ കൊടുക്കുന്നു.

اَشْهَدُ اَنْ لَا اِلٰهَ اِلَّا اللهُ وَ اَشْهَدُ اَنَّ مُحَمَّدً عَبْدُهُ وَرَسُولُهُ

അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു.

#### 2. നമസ്കാരം (اَلصَّلٰوة)

ഇസ്‌ലാം കാര്യത്തിൽ രണ്ടാമത്തേത് നമസ്കാരമാകുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിനേയാണ് നമസ്കാരമെന്നുപറയുന്നത്. ഒരു മുസ്‌ലിമിന് അഞ്ചുനേരത്തെ നമസ്കാരം കൃത്യമായി അനുഷ്ഠിക്കേണ്ടത് നിർബന്ധമാണ്. ഒരിക്കലും ജീവിതത്തിൽ ഒഴിവാക്കാൻ പാടില്ലാത്ത ആരാധനയാകുന്നു നമസ്കാരം.

അല്ലാഹു നമുക്ക് ഒരുപാട് അനുഗ്രഹങ്ങൾ ചെയ്തു തന്നിട്ടുണ്ട്. അതിന് അല്ലാഹുവിനോട് നമസ്കാരത്തിലൂടെ എപ്പോഴും നാം നന്ദി രേഖപ്പെടുത്തിക്കൊണ്ടിരിക്കണം. അതിനായി ചെറുപ്പത്തിൽത്തന്നെ നാം നമസ്കാരം അനുഷ്ഠിക്കൽ ശീലമാക്കേണ്ടതാണ്.

അഞ്ചുനേര നമസ്കാരങ്ങളുടെ പേരുകളും, സമയവും,
റക്അത്തുകളുടെ എണ്ണവും താഴെകൊടുക്കുന്നു.

**അഞ്ച് നമസ്കാരം** اَلصَّلَوَاتُ الْخَمْسُ

| പേര് | സമയം | റക്ക്അത്തുകളുടെ എണ്ണം |
|---|---|---|
| 1. സുബ്ഹി | പ്രഭാതം | രണ്ട് റക്അത്ത് |
| 2. ളുഹർ | ഉച്ച | നാല് റക്അത്ത് |
| 3. അസ്വ്ർ | വൈകുന്നേരം | നാല് റക്അത്ത് |
| 4. മഗ്‌രിബ് | സന്ധ്യ | മൂന്ന് റക്അത്ത് |
| 5. ഇശാ | രാത്രി | നാല് റക്അത്ത് |

കുട്ടിയെ കൂടെ നിറുത്തി നമസ്കാരം ശീലിപ്പിച്ച് തുടങ്ങേണ്ടതാണ്

### 3. നോമ്പ് ( اَلصَّوْم )

ആരാധനാ കർമ്മങ്ങളിൽ പ്രധാനപ്പെട്ട ഒരു ആരാധനയാകുന്നു നോമ്പ്. പ്രായപൂർത്തിയായ ബുദ്ധിയുള്ള എല്ലാ മുസ്‌ലിമിനും നോമ്പ് നിർബന്ധമാകുന്നു. വർഷത്തിൽ റമളാൻ മാസത്തിൽ പൂർണ്ണമായും ഇത് അനുഷ്ഠിക്കേണ്ടതാണ്. പ്രഭാതം മുതൽ സൂര്യാസ്തമയം വരെ ഭക്ഷണ പാനീയങ്ങൾ ഉപേക്ഷിക്കേണ്ടത് നിർബന്ധമാകുന്നു. അതുപോലെ എല്ലാ വിധ അനാവശ്യകാര്യങ്ങളിൽ നിന്നും വിട്ടുനില്ക്കേണ്ടതാകുന്നു. നോമ്പു കൊണ്ട് അല്ലാഹുവിന്റെ സ്നേഹവും അനുഗ്രഹവും നമുക്കുണ്ടാകും. നോമ്പിന്റെ ദിനങ്ങൾ വളരെ ശ്രേഷ്ഠകരമാണ്. ആ ദിവസങ്ങളിൽ കൂടുതലായി ഖുർആൻ പാരായണവും ദുആകളും ചെയ്യേണ്ടതാകുന്നു.


### 4. സക്കാത്ത് ( اَلزَّكَاة )

ഇസ്‌ലാമിലെ അതിമഹത്തായ മറ്റൊരു ആരാധനയാണ് സക്കാത്ത്. നാം നല്ല രീതിയിൽ സമ്പാദിക്കുന്ന ധനത്തിൽ നിന്നും

മറ്റ് വസ്തുക്കളിൽ നിന്നും ഒരു നിശ്ചിത തോത് പ്രകാരം ബൈത്തുൽ മാലിലേക്ക് നല്കുന്ന നിർബന്ധ ധനമാകുന്നു സക്കാത്ത്. അത് പാവപ്പെട്ടവരുടേയും ദരിദ്രരുടേയും ക്ഷേമത്തിന് വേണ്ടി വിനിയോഗിക്കുന്നു. വർഷത്തിൽ ഒരു പ്രാവിശ്യമാണ് ഇത് നല്കേണ്ടത്. സക്കാത്ത് നല്കുന്നതുകൊണ്ട് നമ്മുടെ കയ്യിലുള്ള സമ്പത്ത് പരിശുദ്ധമായി തീരും.

## 5. ഹജ്ജ്

ഇസ്ലാം കാര്യങ്ങളിലെ അവസാനത്തെ ആരാധനാ കർമ്മമാകുന്നു ഹജ്ജ്. ഇത് മറ്റ് ആരാധനകളെപോലെ വളരെ പ്രധാനപ്പെട്ടതാണ്. മക്കയിലെ കഅ്ബയിൽ പോയാണ് ഇത് ചെയ്യേണ്ടത്. ലോകത്തിലെ എല്ലാ മുസ്ലിംകളും വർഷത്തിൽ ഒരു പ്രാവശ്യം ഒരുമിച്ചു കൂടുന്ന ഒരു ലോക മുസ്ലിം സമ്മേളനവും കൂടിയാണ് ഹജ്ജ്. ആരോഗ്യവും കഴിവുമുള്ളവർ ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും മക്കയിൽ പോയി ഹജ്ജ് കർമ്മം നിർവഹിക്കേണ്ടതാണ്.



കഅ്ബയുടെ ചിത്രം

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. ശഹാദത്തു കലിമയുടെ അർത്ഥം എന്ത്?

   .............................................................................................

2. അഞ്ചു നേര നമസ്ക്കാരങ്ങളുടെ പേരുകൾ പറയുക?

   .............................................................................................

3. ദിവസവും അനുഷ്ഠിക്കേണ്ട നമസ്ക്കാരങ്ങളുടെ സമയങ്ങൾ പറയുക.

   ..............................................................................................................................................

   ..............................................................................................................................................

**പൂരിപ്പിക്കുക**

1. ................ മാസത്തിൽ നോമ്പ് നോല്ക്കുക.

2. ............... ദിവസം നോമ്പ് നോല്ക്കേണ്ടതാണ്.

3. ................. ൽ പോയാണ് ഹജ്ജ് നിർവ്വഹിക്കേണ്ടത്.

**യോജിച്ചവ ചേർത്തു വായിക്കുക**

| | |
|---|---|
| 1. ശഹാദത്തു കലിമ | മക്ക |
| 2. നമസ്കാരം | റമളാൻ |
| 3. നോമ്പ് | വർഷത്തിലൊരുപ്രാവശ്യം |
| 4. സക്കാത്ത് | അഞ്ചു നേരം |
| 5. ഹജ്ജ് | സാക്ഷ്യം പറയുന്ന വചനം |

പാഠം ഏഴ്

# ബാങ്ക്

# اَلْأَذان



നമസ്കാരത്തിന് സമയമായി എന്നറിയിക്കാനാണ് മസ്ജിദുകളിൽ നിന്നും ഉച്ചത്തിൽ ബാങ്ക് വിളിക്കുന്നത്. അടുത്തുള്ള മസ്ജിദുകളിൽ നിന്നും അഞ്ചുനേരവും നമുക്ക് ഈ ശബ്ദം കേൾക്കാൻ സാധിക്കും. ബാങ്ക് വിളി കേട്ടാൽ ഉടനെ തന്നെ ഇമാമും ജമാഅത്തുമായി നമസ്കരിക്കുന്നതിനു വേണ്ടി മസ്ജിദിലേയ്ക്ക് പോകേണ്ടതാണ്. ബാങ്ക് വിളിക്കുന്ന ആൾ ഖിബ്ലയ്ക്ക് അഭിമുഖമായി നില്ക്കേണ്ടതും ചൂണ്ടുവിരൽ ചെവിയിൽ വെയ്ക്കേണ്ടതും സുന്നത്താകുന്നു. ബാങ്കിന്റെ വാക്കുകൾ താഴെ കൊടുത്തിരിക്കുന്ന വിധമാകുന്നു. (ബാങ്ക് കൊടുക്കാൻ കുട്ടികളെ പരിശീലിപ്പിക്കേണ്ടതാണ്)

اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ   اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ
اَشْهَدُ اَنْ لَا اِلٰـهَ اِلَّا اللّٰهُ اَشْهَدُ اَنْ لَا اِلٰـهَ اِلَّا اللّٰهُ
اَشْهَدُ اَنَّ مُحَمَّدًا رَّسُولُ اللّٰهِ اَشْهَدُ اَنَّ مُحَمَّدًا رَّسُولُ اللّٰهِ
حَيَّ عَلٰى الصَّلٰوةِ حَيَّ عَلٰى الصَّلٰوةِ
حَيَّ عَلٰى الْفَلَاحِ  حَيَّ عَلٰى الْفَلَاحِ
اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ لَا اِلٰـهَ اِلَّا اللّٰهُ

حَيَّ عَلٰى الصَّلٰوةِ എന്ന് രണ്ട് പ്രാവശ്യം പറയുമ്പോൾ വലതുഭാഗത്തേക്കും حَيَّ عَلٰى الْفَلَاحِ എന്ന് രണ്ട് പ്രാവശ്യം പറയുമ്പോൾ മുഖം ഇടതുഭാഗത്തേക്കും തിരക്കേണ്ടതാകുന്നു. സുബ്ഹി നമസ്കാരത്തിന് വേണ്ടി ബാങ്ക് കൊടുക്കുമ്പോൾ حَيَّ عَلٰى الْفَلَاحِ എന്ന് രണ്ട് പ്രാവശ്യം പറഞ്ഞതിന് ശേഷം اَلصَّلٰوةُ خَيْرٌ مِّنَ النَّوْمْ (നമസ്കാരം ഉറക്കത്തെക്കാൾ ഉത്തമമാകുന്നു.) എന്ന് രണ്ട് പ്രാവശ്യം പറയണം. ബാങ്ക് കേൾക്കുമ്പോൾ അതിൽ പറയുന്ന വാക്കുകൾ അതേ പ്രകാരം തന്നെ നമ്മൾ ഏറ്റുപറയേണ്ടതാകുന്നു. എന്നാൽ حَيَّ عَلٰى الصَّلٰوةِ എന്നും حَيَّ عَلٰى الْفَلَاحِ എന്നും കേൾക്കുമ്പോൾ لَا حَوْلَ وَلَا قُوَّةَ اِلَّا بِاللّٰهِ (തിന്മ വർജ്ജിക്കുന്നതും നന്മയാർജ്ജിക്കുന്നതും അല്ലാഹുവിന്റെ സഹായം കൊണ്ട് മാത്രമാകുന്നു) എന്ന് പറയണം.

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. ബാങ്ക് കൊടുക്കുന്നതിന്റെ ഉദ്ദേശ്യം എന്ത് ?

   ..........................................................................................................

2. ബാങ്ക് വിളി കേട്ടാൽ നാം എന്താണ് ചെയ്യേണ്ടത് ?

   ..........................................................................................................

3. ബാങ്ക് കൊടുക്കുന്ന ആൾ എങ്ങോട്ട് തിരിഞ്ഞ് നില്ക്കണം?

   ..........................................................................................................

4. ബാങ്കിന്റെ വാക്കുകൾ മനഃപാഠം ചൊല്ലി കേൾപ്പിക്കുക.


   ..........................................................................................................

**യോജിച്ചവ ചേർത്ത് വായിക്കുക.**

| | |
|---|---|
| لَا حَوْلَ وَلَا قُوَّةَ اِلَّا بِاللّٰهِ | لَا اِلٰهَ اِلَّا اللّٰهُ |
| لَا اِلٰهَ اِلَّا اللّٰهُ | اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ |
| اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ | حَيَّ عَلَى الْفَلَاحِ |
| لَا حَوْلَ وَلَا قُوَّةَ اِلَّا بِاللّٰهِ | حَيَّ عَلَى الصَّلٰوةِ |

## പാഠം എട്ട്

# മസ്ജിദുകൾ



നമസ്കരിക്കുന്നതിനുവേണ്ടി പ്രത്യേകമായി നിർമ്മിക്കുന്ന ഭവനങ്ങളെയാണ് മസ്ജിദ് എന്നുപറയുന്നത്. അവിടെ അല്ലാഹുവനെയല്ലാതെ മറ്റാരെയും വിളിച്ച് പ്രാർത്ഥിക്കുവാൻ പാടില്ലാത്തതാകുന്നു. മസ്ജിദുകൾ എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. മസ്ജിദിൽ പ്രവേശിക്കുമ്പോൾ അവിടെ സന്നിഹിതരായിരിക്കുന്ന ആളുകൾക്ക് സലാം പറയേണ്ടതാണ്. മസ്ജിദിന്റെ പരിസരം വൃത്തിയാക്കേണ്ടതും അവിടം സുന്ദരമാക്കുന്നതിനുവേണ്ടി ചെടികൾ വെച്ച് പിടിപ്പിക്കേണ്ടതുമാണ്. മസ്ജിദിൽ പ്രവേശിക്കുമ്പോൾ വലതുകാൽ വെച്ച് പ്രവേശിക്കുകയും താഴെ പറയും പ്രകാരം ദുആ ചെയ്യേണ്ടതുമാണ്.

اَللّٰهُمَّ افْتَحْ لِي اَبْوَابَ رَحْمَتِكَ

(അല്ലാഹുമ്മഫ്തഹ് ലീ അബ്വാബ റഹ്മതിക)

| | | | | |
|---|---|---|---|---|
| اَللّٰهُمَّ | افْتَحْ | لِي | اَبْوَابَ | رَحْمَتِكَ |
| അല്ലാഹുവേ | തുറന്ന് തരേണമേ | എനിക്ക് വേണ്ടി | കവാടങ്ങൾ | നിന്റെ കാരുണ്യത്തിന്റെ |

മസ്ജിദിൽ നിന്നും പുറത്തുവരുമ്പോൾ ഇടതുകാൽ വെച്ച് പുറത്ത് വരുകയും താഴെ പറയും പ്രകാരം ദുആ ചെയ്യുകയും വേണം.

اَللّٰهُمَّ افْتَحْ لِي اَبْوَابَ فَضْلِكَ

(അല്ലാഹുമ്മഫ്തഹ് ലീ അബ്‌വാബ ഫള്‌ലിക്ക)

| فَضْلِكَ | اَبْوَابَ | لِي | افْتَحْ | اَللّٰهُمَّ |
|---|---|---|---|---|
| നിന്റെ അനുഗ്രഹത്തിന്റെ | കവാടങ്ങൾ | എനിക്ക് വേണ്ടി | തുറന്ന് തരേണമേ | അല്ലാഹുവേ |

**പ്രാർത്ഥനയുടെ പൂർണ്ണരൂപം**

بِسْمِ اللهِ اَلصَّلَوَاةُ وَالسَّلَامُ عَلَي رَسُولِ اللهِ

اَللّٰهُمَّ اغْفِرْلِي ذُنُوبِي وَافْتَحْ لِي اَبْوَابَ فَضْلِكَ

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. മസ്ജിദിൽ പാലിക്കേണ്ട മര്യാദകൾ എന്തെല്ലാം ?

 ..........................................................................................................

2. മസ്ജിദിൽ പ്രവേശിക്കുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന ഏതാണ്?

 ..........................................................................................................

3. മസ്ജിദ് എന്ന് പറഞ്ഞാൽ എന്താണ് ?

 ..........................................................................................................

**പൂരിപ്പിക്കുക**

1. മസ്ജിദിൽ വെച്ച് ................................നെ അല്ലാതെ മറ്റ് ആരെയും ആരാധിക്കരുത്.

2. മസ്ജിദുകൾ എപ്പോഴും .......................... ക്കി വെക്കേണ്ടതാണ്.

# പാഠം ഒൻപത് — മുഹമ്മദു നബി (സ)

അറേബ്യയിലെ മക്കാ പട്ടണത്തിൽ ക്രിസ്തുവർഷം 570 ഏപ്രിൽ ഇരുപതിന് മുഹമ്മദു നബി (സ) ഭൂജാതനായി. നബി (സ) യുടെ പിതാവിന്റെ പേര് അബ്ദുല്ലായെന്നും മാതാവിന്റെ പേര് ആമിനയെന്നും ആയിരുന്നു. നബി (സ) യുടെ ജനനത്തിന് മുമ്പേ  പിതാവ് മരണപ്പെട്ടു. നബി (സ) യുടെ പിതാമഹൻ നബിക്ക് മുഹമ്മദ് എന്ന് പേരിട്ടു. മുഹമ്മദ് എന്ന് പറഞ്ഞാൽ സ്തുതിക്കപ്പെട്ടവൻ എന്നാണർത്ഥം. ചെറുപ്പത്തിൽ നബി (സ) യെ പാലൂട്ടി വളർത്തിയത് ഹലീമ എന്ന ഗ്രാമീണ സ്ത്രീയായിരുന്നു. നബി (സ) യ്ക്ക് ആറ് വയസ്സ് പൂർത്തിയായപ്പോൾ മാതാവ് മരണപ്പെട്ടു. പിന്നെ അദ്ദേഹം വളർന്നത് പിതാമഹൻ അബ്ദുൽ മുത്ത്വലിബിന്റെ തണലിലായിരുന്നു. അദ്ദേഹം നബി (സ) യെ വളരെയധികം സ്നേഹത്തോടെയാണ് വളർത്തിയത്. പക്ഷേ, അത് അധിക കാലം നീണ്ടുനിന്നില്ല.  മാതാവിന്റെ മരണത്തിനുശേഷം ഏകദേശം രണ്ട് കൊല്ലം കഴിഞ്ഞപ്പോൾ പിതാമഹനും മരണപ്പെട്ടു. അപ്പോൾ നബി (സ) യ്ക്ക് എട്ട് വയസ്സ് പ്രായമായിരുന്നു. പിന്നീട് നബി (സ) വളർന്നത് പിതൃവ്യനായ അബൂത്വാലിബിന്റെ സംരക്ഷണത്തിലായിരുന്നു. അങ്ങനെ പലരുടേയും സംരക്ഷണത്തിലാണ് നബി (സ) യുടെ ബാല്യകാല ജീവിതം നടന്നത്.

പിതൃവ്യനായ അബൂത്വാലിബിന്റെ വീട് വളരെ ദരിദ്രമായിരുന്നു. അവിടെ കൃത്യമായ ഭക്ഷണ സാധനങ്ങളോ സാഹചര്യങ്ങളോ ഉണ്ടായിരുന്നില്ല. ഭക്ഷണ സമയത്ത് കുട്ടികളെല്ലാവരും ഭക്ഷണത്തിനുവേണ്ടി മുറവിളി കൂട്ടുന്ന ഒരു അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. തനിക്ക് അധികം ഭക്ഷണം തട്ടിപ്പറിച്ചെടുക്കുവാൻ ഓരോരുത്തരും മത്സരിക്കുകയും ചെയ്തിരുന്നു. എന്നാൽ, നബി (സ)

ഒരിക്കലും ഭക്ഷണത്തിനുവേണ്ടി ആർത്തി പ്രകടിപ്പിച്ചിരുന്നില്ല. ഭക്ഷണത്തിനുവേണ്ടി മറ്റു കുട്ടികൾ ബഹളം വെക്കുമ്പോൾ തന്റെ ഊഴം കാത്ത് ഭക്ഷണം കിട്ടുന്നതുവരെ മുഹമ്മദ് നബി (സ) നിശ്ശബ്ദനായി ഒരു ഭാഗത്ത് അടങ്ങി ഒതുങ്ങി നില്ക്കുകയും, പിന്നീട് കിട്ടിയ ഭക്ഷണംകൊണ്ട് തൃപ്തിപ്പെടുകയും ചെയ്യുമായിരുന്നു. നബി (സ) തന്റെ ബാല്യകാലത്ത് സഹനത്തിന്റെയും ക്ഷമയുടെയും ഉത്തമ മാതൃകയാണ് നമുക്ക് കാണിച്ചു തന്നിട്ടുള്ളത്.

## പ്രവർത്തനങ്ങൾ

ചോദ്യം

1. നബി (സ) ജനിച്ചതെവിടെ?

   ..........................................................................................

2. മുഹമ്മദ് എന്ന പേരിന്റെ അർത്ഥം എന്ത് ?

   ..........................................................................................

3. നബി (സ) യെ പാലൂട്ടി വളർത്തിയത് ആര് ?

   ..........................................................................................

4. നബി (സ) യുടെ പിതാമഹന്റെ പേരെന്ത് ?

   ..........................................................................................

5. പിതാമഹന്റെ മരണത്തിനു ശേഷം ആരുടെ സംരക്ഷണത്തിലാണ് നബി (സ) വളർന്നത് ?

   ..........................................................................................

**അർത്ഥം**

മുഹമ്മദ് = സ്തുതിക്കപ്പെട്ടവൻ

**ചേർത്തു വായിക്കുക**

| | |
|---|---|
| മുഹമ്മദ് | പിതാവ് |
| പിതാമഹൻ | അബൂത്വാലിബ് |
| അബ്ദുല്ലാഹ് | നബി (സ) |
| മക്ക | അബ്ദുൽ മുത്ത്വലിബ് |
| പിതൃവ്യൻ | നബി ജനിച്ചത് |

1. നബി (സ) യുടെ ബാല്യകാല ജീവിതം ഹ്രസ്വമായി വിവരിക്കുക?

.......................................................................................................................

.......................................................................................................................

.......................................................................................................................

.......................................................................................................................


.......................................................................................................................

.......................................................................................................................

.......................................................................................................................

# പാഠം പത്ത്

# ഹദ്റത്ത് ഇമാം മഹ്ദി (അ)



**ഇ**മാം മഹ്ദി (അ) യുടെ പേര് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് (അ) എന്നാകുന്നു. അദ്ദേഹം പഞ്ചാബിലെ ഖാദിയാൻ എന്ന സ്ഥലത്ത് 1835 ഫെബ്രുവരി 12 നാണ് ജനിച്ചത്. പിതാവിന്റെ പേര് മിർസാ ഗുലാം മുർതളാ എന്നും മാതാവിന്റെ പേര് ചിറാഗ് ബീബി എന്നുമാ യിരുന്നു. വളരെ ചെറുപ്പ ത്തിൽത്തന്നെ ഭൗതിക സുഖാഡംബരങ്ങ ളോട് ഒരു താൽപര്യവും ഉണ്ടായിരുന്നില്ല.

മറിച്ച് എപ്പോഴും അല്ലാഹുവിനെ ആരാധിക്കുന്നതിലും മതപരമായ കാര്യങ്ങളിലും ഇഷ്ടം കണ്ടെത്തിയിരുന്നു. കുട്ടിക്കാലത്ത് തന്നെ നമസ്ക്കാരത്തിനോട് അതിയായ ആഭിമുഖ്യം കാണിച്ചിരുന്നു. അദ്ദേഹം ജനിച്ച കാലം അജ്ഞതയുടെ കാലമായിരുന്നു. ജനങ്ങൾ വിജ്ഞാനത്തിന് അത്രയധികം പ്രാധാന്യം നല്കിയിരുന്നില്ല. എന്നാൽ ഭാവിയിൽ മഹത്തായ പല ജോലികളും ഇദ്ദേഹം മുഖേന നിർവ്വഹിക്കപ്പെടേണ്ടതിനാൽ അല്ലാഹു പഠനത്തിനുള്ള സൗകര്യം ഒരുക്കിക്കൊടുത്തു. പിതാവിന്റെ നിർദ്ദേശ പ്രകാരം, ചെറുപ്പത്തിൽ തന്നെ ഖുർആനും പാർസി ഭഷയിലെ ചില പുസ്തകങ്ങളും പഠിക്കുന്നതിനായി ഫസ്ൽ ഇലാഹി എന്ന അദ്ധ്യാപകനെ നിയമിച്ചിരുന്നു. അതിനുശേഷം 10 വയസ്സ് കഴിഞ്ഞപ്പോൾ

സാത്വികനും അത്യധികം ഭക്തനുമായ ഫസ്ൽ അഹ്മദ് എന്ന അദ്ധ്യാപകനെ നിയമിച്ചു. ഈ അദ്ധ്യാപകൻ വളരെയധികം വാത്സല്ല്യത്തോടെയായിരുന്നു പഠിപ്പിച്ചിരുന്നത്. ഇദ്ദേഹത്തിൽ നിന്നാണ് അറബിഭാഷാ വ്യാകരണം പഠിച്ചിരുന്നത്. അതിനു ശേഷം പതിനേഴ് പതിനെട്ട് വയസ്സ് പ്രായമായപ്പോൾ മൗലവി ഗുൽഅലി ശാ യിൽ നിന്നും നഹ്വും, മൻത്വിക്കും, വൈദ്യവും പഠിച്ചു.

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. ഇമാം മഹ്ദി (അ) ജനിച്ചതെവിടെ ?

.......................................................................................................

2. ഇമാം മഹ്ദി (അ) യുടെ പിതാവിന്റെയും മാതാവിന്റെയും പേരുകൾ എന്ത് ?

.......................................................................................................

3. ഇമാം മഹ്ദി (അ) യെ പഠിപ്പിച്ച അദ്ധ്യാപകർ ആരെല്ലാം? പേരുകൾ പറയുക ?

.......................................................................................................

.......................................................................................................

**ചേർത്ത് വായിക്കുക**

| | | |
|---|---|---|
| വൈദ്യം പഠിപ്പിച്ചത്<br>ഖുർആൻ, പഠിപ്പിച്ചത്<br>ജന്മ സ്ഥലം<br>മാതാവ്<br>അറബി പഠിപ്പിച്ചത്<br>പിതാവ് | ചിറാഗ് ബീബി സാഹിബ<br>ഗുലാം മുർത്വള സാഹിബ്<br>ഫസ്ൽ ഇലാഹി<br>മൗലവി ഗുൽ അലിശാ<br>ഖാദിയാൻ<br>ഫസ്ൽ അഹ്മദ് | ആകുന്നു |

## പാഠം പതിനൊന്ന്

## ഖുർആൻ പഠനം

**നിർദ്ദേശങ്ങൾ**

1. സൂറത്തുൽ ഫാത്തിഹ അർത്ഥ സഹിതം മനഃപാഠമാക്കേണ്ടതാണ്.
2. സൂറത്തുൽ ഇഖ്ലാസ് മനഃപാഠമാക്കുക

| | |
|---|---|
| اَعُوذُ | ഞാൻ അഭയം തേടുന്നു |
| بِاللهِ | അല്ലാഹുവിനെക്കൊണ്ട് |
| مِنَ الشَّيْطَانِ | പിശാചിൽ നിന്നും |
| الرَّجِيمْ | ശപിക്കപ്പെട്ട |
| بِسْمِ اللهِ | അല്ലാഹുവിന്റെ നാമത്തിൽ (ആരംഭിക്കുന്നു) |
| الرَّحْمَانِ | പരമ കാരുണ്യകൻ |
| الرَّحِيمْ | കരുണാമയൻ |
| اَلْحَمْدُ لِلّٰهِ | എല്ലാ സ്തുതിയും അല്ലാഹുവിനാകുന്ന |
| رَبِّ | പരിപാലകൻ |
| الْعَالَمِينَ ۝٢ | സർവ്വ ലോകങ്ങളുടെയും |
| الرَّحْمَانِ | പരമ കാരുണികൻ |
| الرَّحِيمْ | കരുണാമയൻ |
| مَالِكِ | ഉടമസ്ഥൻ |
| يَوْمِ الدِّيْنِ | പ്രതിഫലത്തിന്റെ ദിനം |
| اِيَّاكَ نَعْبُدُ | നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു |
| وَ اِيَّاكَ نَسْتَعِيْنُ | നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു |
| اِهْدِنَا | നീ ഞങ്ങളെ നയിക്കേണമേ |

صِرَاطَ الْمُسْتَقِيْمَ

നേരായ മാർഗ്ഗത്തിൽ

صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ

നീ അനുഗ്രഹിച്ചിട്ടുള്ളവരുടെ മാർഗ്ഗത്തിൽ

غَيْرِ الْمَغْضُوْبِ عَلَيْهِمْ

കോപത്തിന് പാത്രമായവരുടേതല്ല

وَلَا الضَّآلِّيْنَ

വഴി പിഴച്ചവരുടേതുമല്ല

**അൽ ഇഖ്‌ലാസ്**

بِسْمِ اللهِ الرَّحْمَانِ الرَّحِيْمِ ۝

قُلْ هُوَ اللهُ اَحَدٌ ۝ اَللهُ الصَّمَدُ ۝ لَمْ يَلِدْ ۝ وَلَمْ يُولَدْ ۝

وَلَمْ يَكُنْ لَّهُ كُفُوًا اَحَدٌ ۝

## പാഠം പന്ത്രണ്ട് പദ്യം

### (തറാനെ അത്ഫാൽ) അത്ഫാൽ ഗാനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

(രണ്ട് വരിവീതം ഓരോ മാസവും പഠിപ്പിക്കുക)

1. മേരി രാത്ദിൻ ബസ് യഹീ എക് സദാഹെ
   കെ ഇസ് ആലമെ കൌൻകാ എക് ഖുദാഹെ.
2. ഉസീനെ ഹെ പൈദാ കിയാ ഇസ് ജഹാൻകൊ
   സിതാറോൻകൊ സൂരജ് കൊ ഔർ ആസ്മാൻ കൊ
3. വൊഹേ ഏക് ഉസ്കാ നഹീ കോയി ഹംസർ
   വൊ മാലിക് ഹൈ സബ്കാ വൊ ഹാക്കിം ഹെ സബ്പർ
4. നഹേ ബാപ് ഉസ്കാ നഹേ കോയി ബേട്ടാ
   ഹമേശാസെ ഹൈ ഔർ ഹമേശാ റഹേഗാ
5. നഹീ ഉസ്കോ ഹാജത്ത് കൊയി ബീവിയോൻകി
   സറൂറത്ത് നഹീ ഉസ്കൊ കുഛ് സാഥിയോൻകീ
6. ഹർ എക് ചീസ്പർ ഉസ്കൊ ഖുദ്റത്ത് ഹൈ ഹാസിൽ
   ഹർ ഏക് കാംകി ഉസ്കൊ ത്വാഖത്ത് ഹൈഹാസിൽ
7. പഹാടോൻ കൊ ഉസ്നെഹീ ഊഞ്ചാ കിയാ ഹൈ
   സമുന്ദർ കൊ ഉസ്നെഹീ പാനീ ദിയാഹൈ
8. യെ ദർയാ ജൊ ചാറോം ത്വറഫ് ബഹ്റഹേഹൈ
   ഉസീനെ തൊ ഖുദ്റത്ത്സെ പൈദാ കിയാഹൈ
9. സമുന്ദർകീ മഛ്ലി ഹവാകെ പരിന്ദേ
   ഘറേലൂചരിന്ദേ ബനോംകെ ദരിന്ദേ

10 സഭീ കൊ വഹീ റിസ്ഖ് പഹൂഞ്ചാ റഹാഹൈ
ഹർ എക് അപ്നെ മത്‌ലബ്കി ശയ് ഖാഹൊ
11 ഹർ എക് ശയ്കോ റോസീ വൊ ദേതാഹൈ ഹർദം
ഖസാനെ കഭീ ഉസ്കെ ഹോതേ നഹീ കം

12 വൊ സിന്ദാഹൈ ഔർ സിന്ദഗീ ബഖ്ശ്ത്താഹൈ
വൊ ഖായിം ഹെ ഹർ ഏക് കാ ആസറാ ഹെ

13 കോയി ശയ് നസർസെ നഹീ ഉസ്കെ മഖ്ഫി
ബഡീസെ ബഡീ ഹൊ കെ ഛോട്ടീസെ ഛോട്ടീ

14. ദിലോൻ കി ഛുപീ ബാത്ത് ഭീ ജാൻതാഹൈ
ബദോം ഔർ നേക്കോം കൊ പഹ്ചാൻതാഹൈ

15. വൊ ദേത്താഹൈ ബന്ദോംകൊ അപ്നെ ഹിദായത്ത്
ദിഖാത്താഹൈ ഹാഥോംപെ ഉൻകെ കറാമത്ത്

16. ഹെ ഫർയാദ് മള്ലൂം കീ സുൻനേ വാലാ
സദാഖത്ത് കാ കർത്താഹൈ വൊ ബോൽ ബാലാ

17. ഗുനാഹോം കൊ ബഖ്ശിശ് സെ ഹെ ഢാൻപ് ദേത്താ
ഗരീബോം കൊ റഹ്മത്ത്സെ ഹെ ഥാം ലേത്താ

18. യഹീ രാത്ത്ദിൻ അബ് തോ മേരി സദാഹൈ
യഹ് മേരാ ഖുദാഹൈ യഹ്മേരാ ഖുദാഹൈ

**(കലാം മഹ്മൂദ്)**

# ترانہ اطفال

مری رات دن بس یہی اک صدا ہے
کہ اس عالمِ کون کا اِک خدا ہے

اسی نے ہے پیدا کیا اس جہاں کو
ستاروں کو سورج کو اور آسماں کو

وہ ہے ایک اسکا نہیں کوئی ہمسر
وہ مالک ہے سب کا وہ حاکم ہے سب پر

نہ ہے باپ اُس کا نہ ہے کوئی بیٹا
ہمیشہ سے ہے اور ہمیشہ رہے گا

نہیں اس کو حاجت کوئی بیویوں کی
ضرورت نہیں اس کو کچھ ساتھیوں کی

ہر اک چیز پر اس کو قدرت ہے حاصل
ہر اک کام کی اس کو طاقت ہے حاصل

پہاڑوں کو اس نے ہی اونچا کیا ہے
سمندر کو اس نے ہی پانی دیا ہے

یہ دریا جو چاروں طرف بہہ رہے ہیں
اسی نے تو قدرت سے پیدا کئے ہیں

سمندر کی مچھلی ہوا کے پرندے
گھریلو چرندے بنوں کے درندے

سبھی کو وہی رزق پہنچا رہا ہے
ہر اک اپنے مطلب کی شَے کھا رہا ہے

ہر اک شے کو روزی وہ دیتا ہے ہر دم
خزانے کبھی اس کے ہوتے نہیں کم

وہ زندہ ہے اور زندگی بخشتا ہے
وہ قائم ہے ہر ایک کا آسرا ہے

کوئی شے نظر سے نہیں رہ سکے مخفی
بڑی سے بڑی ہو کہ چھوٹی سے چھوٹی

دلوں کی چھپی بات بھی جانتا ہے
بدوں اور نیکوں کو پہچانتا ہے

وہ دیتا ہے بندوں کو اپنے ہدایت
دکھاتا ہے ہاتھوں پہ انکے کرامت

ہے فریادِ مظلوم کی سننے والا
صداقت کا کرتا ہے وہ بول بالا

گناہوں کو بخشش سے ہے ڈھانپ دیتا
غریبوں کو رحمت سے ہے تھام لیتا

یہی رات دن اب تو میری صدا ہے
یہ میرا خدا ہے یہ میرا خدا ہے

(کلامِ محمود)